05
JULY

# The mic times

Official newsletter of PG Department of JMC, MIC Arts & Science College, Athanikkal

youtube.com/micpoint
instagram.com/mic_mcj.official

# വിദ്യാഭ്യാസ രംഗത്ത് നാഴികക്കല്ല്;

## നാലുവർഷ ബിരുദ കോഴ്സുകൾക്ക് തുടക്കം




*നാല് വർഷ ബിരുദ പ്രോഗ്രാമുകളുടെ സംസ്ഥാന തല ഉദ്ഘാടനം ജൂലൈ ഒന്നിന് എം ഐ സി കോളേജിൽ പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ ഇസ്മായിൽ മാസ്റ്റർ ഉദ്ഘാടനം നിർവഹിച്ചു.*

നവകേരള സൃഷ്ടിയുടെ ഭാഗമായി സംസ്ഥാന സർക്കാർ ഏറ്റെടുത്തിരിക്കുന്ന സുപ്രധാന ഉത്തരവാദിത്തമാണ് കേരളീയ സമൂഹത്തെ ഒരു ജനപക്ഷ നവ വൈജ്ഞാനിക സമൂഹമാക്കി പരിവർത്തനപ്പെടുത്തുകയെന്നത്.

കഴിഞ്ഞ സർക്കാരിന്റെ കാലത്തു പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ ഗുണമേന്മയുള്ള വിദ്യാഭ്യാസം പൊതുവിദ്യാഭ്യാസ രംഗത്ത് ഉറപ്പാക്കിയതിന്റെ സ്വാഭാവിക തുടർച്ചയായാണ് ഉന്നതവിദ്യാഭ്യാസ രംഗത്തുള്ള പരിഷ്കരണങ്ങൾ സർക്കാർ ഏറ്റെടുത്തിരിക്കുന്നത്.

ഉന്നതവിദ്യാഭ്യാസ മേഖലക്ക് ഒന്നാം പരിഗണന നൽകി നടത്തുന്ന പ്രവർത്തനങ്ങൾ ഇതിനകം തന്നെ വലിയ മാറ്റങ്ങൾ കോളേജുകളിലും സർവകലാശാലകളിലും സൃഷ്ടിച്ചിട്ടുണ്ട്. ഈ മാറ്റങ്ങളെ കാലാനുസൃതമായി ഉയർത്തി അന്താരാഷ്ട്ര സ്വീകാര്യതയിലേക്കു ഉന്നതവിദ്യാഭ്യാസ മേഖലയെ ഉയർത്തുന്നതിന്റെ ഭാഗമായാണ് സംസ്ഥാനത്ത് ഈ അക്കാദമിക് വർഷം മുതൽ നാലുവർഷ ബിരുദം നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നത്.

തൊഴിൽശേഷി വളർത്തലും ഗവേഷണപ്രവർത്തനങ്ങളുംസംയോജിപ്പിച്ചുള്ള ദ്വിമുഖമായ സമീപനമാണ് കേരളം മുന്നോട്ടുവെക്കുന്നത്. ഇതിനായി സംസ്ഥാനത്തിന്റെ ചരിത്രത്തിലാദ്യമായി ഒരു മോഡൽ കരിക്കുലം തയാറാക്കി. മുഖ്യമന്ത്രി ശ്രി. പിണറായി വിജയൻ ഉദ്ഘാടനം നിർവഹിച്ചു. ഡോ. ആർ.ബിന്ദു അധ്യക്ഷ വഹിച്ചു.

ഒരു വർഷക്കാലത്തെ മികച്ച മുന്നൊരുക്കത്തോടെയാണ് സർവകലാശാലകളും കലാലയങ്ങളും നാല് വർഷ ബിരുദത്തിലേക്ക് പ്രവേശിക്കുന്നത്. സംസ്ഥാനത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖലയിലെ നാഴികക്കല്ലാകുന്ന ഈ മാറ്റം വിദ്യാതഥികൾക്കും രക്ഷിതാക്കൾക്കും ഇതിനെ കുറിച്ച് കൂടുതൽ അറിയാനും ബോധകരണം നൽകാനുമാണ് ലൈവ് ഓറിയന്റഷൻ നടത്തിയത്.

പരിപാടിയിൽ ഫൈസൽ ശബാബിന്റെ അധ്യക്ഷതയിൽ കെ സാലിഹ് സ്വാഗതം പറഞ്ഞു.പ്രിൻസിപ്പൽ ഇൻ ചാർജ് അബ്ദുൽ റഷീദ് നാലു വർഷ ബിരുദ പ്രോഗ്രാമിന്റെ വിശദവിവരം വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും നൽകി.

പി എ സലാം എം ഐസി മാനേജ്മന്റ് മെമ്പർ,കോയ മാസ്റ്റർ പി ടി എ വൈസ് പ്രസിഡന്റ്, എച് എം ശിഹാബുദ്ധീൻ മാസ്റ്റർ എം ഐസി സ്കൂൾ,മുഹമ്മദ് പള്ളിയാളി വാർഡ് മെമ്പർ എന്നിവർ നാലു വർഷ ബിരുദ പ്രോഗ്രാമിന് ആശംസ നൽകി. പ്രോഗ്രാം കോർഡിനേറ്റർ കെ പി അബ്ദുൽ ഹസീബ് ഓറിയന്റ്ഷൻ നടത്തി.വി അസ്ഹറുദ്ധീൻ സ്റ്റാഫ് സെക്രട്ടറി നന്ദി പറഞ്ഞു.

# പ്രിൻസിപ്പൽസ് ബുക്ക് ബാങ്ക്

## സ്കീം ഔദ്യോഗിക ലോഞ്ചിങ് നടന്നു



*മുൻ പ്രിൻസിപ്പൽ ഡോ. എം. ഉസ്മാൻ സർ ബുക്ക് ബാങ്ക് സ്കീം ഒദ്യോഗിക ലോഞ്ച് നടത്തുന്നു*

'പ്രിൻസിപ്പൽസ് ബുക്ക് ബാങ്ക്' പദ്ധതി ആരംഭിച്ചു കോളേജ് ലൈബ്രറിയുടെയും ഇൻഫർമേഷൻ ആന്റ് റിസർച്ച് സെന്ററിന്റെയും നേതൃത്വത്തിൽ 'പ്രിൻസിപ്പൽസ് ബുക്ക് ബാങ്ക്' എന്ന പുതിയ പദ്ധതി ഔദ്യോഗിക ലോഞ്ച് വെള്ളി രാവിലെ 11.30ന് കോളേജ് ലൈബ്രറിയിൽ വച്ച് മുൻ പ്രിൻസിപ്പൾ ഡോ. എം ഉസ്മാൻ സാർ നിർവഹിച്ചു. വിദ്യാർത്ഥികൾക്കായി പുസ്തകം കൈമാറി പദ്ധതി ഔദ്യോഗികമായി ആരംഭിച്ചു.

'പ്രിൻസിപ്പൽസ് ബുക്ക് ബാങ്ക്' എന്നത് ലൈബ്രറിയുടെ പ്രത്യേക ശേഖരത്തിൽ നിന്ന് മികച്ചതും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതുമായ വിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങൾ നൽകുന്ന പദ്ധതിയാണ്. അർഹതപ്പെട്ടവർ അപേക്ഷ നൽകുന്നതിന് ഡിപ്പാർട്ടമെന്റ് എച് ഒ ഡി യുടെ ഒപ്പും റേഷൻ കാർഡിന്റെ കോപ്പി സഹിതം ലൈബ്രറി കോർഡിനേറ്ററെ ഏല്പിക്കേണ്ടതാണ്. ഓരോ സെമസ്റ്റർ പരീക്ഷക്ക് ശേഷം ബുക്കുകൾ കേടുപാടുകൾ കൂടാതെ ലൈബ്രറിയിൽ തിരിച്ചേല്പിക്കേണ്ടതാണ്.

പ്രിൻസിപ്പൽ ഇൻ ചാർജ് അബ്ദുൽ റഷീദ്, ലൈബ്രറി കോർഡിനേറ്റേഴ്സ്, വിവിധ വകുപ്പ് മേധാവികളും അദ്ധ്യാപകരും വിദ്യാർഥികളും പരിപാടിയിൽ പങ്കടുത്തു.

'പ്രിൻസിപ്പൽസ് ബുക്ക് ബാങ്ക്' പദ്ധതി കൂടുതൽ വിദ്യാർത്ഥികൾക്ക് ഗുണം ചെയ്യുമെന്ന് കോളേജ് അധികൃതർ പ്രതീക്ഷിക്കുന്നു.

ഈ പദ്ധതി വിദ്യാർത്ഥികളുടെ പഠനത്തെ സഹായിക്കുകയും അവരുടെ വിജയത്തിന് സാധ്യത ഉറപ്പ് നൽകുകയും കോളേജ് അധികൃതർ അറിയിച്ചു.

## റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കണം

# നിവേദനം നൽകി

എം ഐ സി ആർട്സ് ആൻഡ് സയൻസ് കോളേജിലേക്കുള്ള പ്രധാന പ്രവേശന റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് കോളേജ് അധികൃതർ പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന് നിവേദനം സമർപ്പിച്ചു. റോഡ് തകർന്നതിനാൽ വിദ്യാർത്ഥികൾക്കും ജീവനക്കാർക്കും ഏറെ ബുദ്ധിമുട്ട് നേരിടേണ്ടി വരുന്നതായി നിവേദനത്തിൽ പറയുന്നു. വാഹനങ്ങൾക്ക് കോളേജിൽ പ്രവേശിക്കാൻ ബുദ്ധിമുട്ട് നേരിടുന്നു. ഈ പ്രശ്നം പരിഹരിക്കാൻ അടിയന്തിര നടപടിയെടുക്കണമെന്ന് കോളേജ് അധികൃതർ പഞ്ചായത്ത് അധികൃതോട് ആവശ്യപ്പെട്ടു.



*എം ഐ സി കോളേജ് പ്രവേശന റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം സമർപ്പിക്കുന്നു.*



# ഇന്ത്യൻ പീനൽ കോഡ്

## ഭാരതീയ ന്യായസംഹിത

ഇന്ത്യയിൽ ക്രിമിനൽ കുറ്റങ്ങൾ ചെയ്യുന്നവർക്ക് നൽകപ്പെടുന്ന ശിക്ഷകളെ പറ്റി പ്രതിപാദിക്കുന്ന നിയമസംഹിതയാണ് ഐ പി സി ഇന്ത്യൻ ശിക്ഷ നിയമം(1860). ബ്രിട്ടീഷ് ഭരണകാലത്ത് ഇന്ത്യക്ക് പൊതുവായി നിയമമാക്കപ്പെട്ട ഒരു കൂട്ടനിയമങ്ങളാണിത്. ഈ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായോ വീഴ്ച വരുത്തിയോ ഇന്ത്യക്കുള്ളിൽ പ്രവർത്തിച്ചു കുറ്റക്കാരനാകുന്ന ഏതൊരു വ്യക്തിയെയും ഈ നിയമത്തിന്റെ വ്യവസ്ഥകൾ അനുസരിച്ചു ശിക്ഷാർഹനായി തീരും. ഒരു വിദേശി ഇന്ത്യയിൽ വെച്ച് കുറ്റകൃത്യം ചെയ്താലും ഇന്ത്യൻ പൗരൻ വിദേശത്തു വെച്ച് കുറ്റകൃത്യം ചെയ്താലും ഈ നിയമം ബാധകമാണ്. ആകെ 511 വകുപ്പുകളാണ് ഇന്ത്യൻ ശിക്ഷാ നിയമത്താൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഈ നിയമം 2024 ജൂലൈ ഒന്ന് മുതൽ കാതലായ മാറ്റങ്ങൾ വരികയാണ്. 160 വർഷം പഴക്കമുള്ള ഇന്ത്യൻ പീനൽ കോഡ് ഭാരതീയ ന്യായ സംഹിത എന്നറിയപ്പെട്ടു സമഗ്രമായ മാറ്റങ്ങൾ കൊണ്ടുവരികയാണ്. പോലീസ് കേസ് രജിസ്റ്റർ ചെയ്യുന്നത് മുതൽ ശിക്ഷാവിധി പ്രഖ്യാപിക്കുന്നതു വരെയുള്ള നടപടികൾ പുതിയ നിയമാവലിയുടെ അടിസ്ഥാനത്തിലായിരിക്കും. പഴയ ഐ പി സിയിൽ 511 വകുപ്പുകളാണ് ഉണ്ടായിരുന്നത് എന്നാൽ പുതിയ ഭാരതീയ ന്യായ സംഹിത യിൽ 358 വകുപ്പുകളായി ചുരുക്കിയിരിക്കുന്നു. സാമൂഹിക സേവനം എന്നൊരു പുതിയ വകുപ്പുകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. സാമൂഹിക സേവനം എന്നൊരു പുതിയ വകുപ്പ് കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.ചെറിയ കേസുകളിൽ പ്രതികളാകുന്നവർ സാമൂഹിക സേവനം കുറ്റമുക്തി നേടില്ല. ഇന്ത്യൻ തെളിവ് നിയമത്തിൽ മുമ്പ് ഡിജിറ്റൽ തെളിവുകൾക്കു ഇടമുണ്ടായിരുന്നില്ല.എന്നാൽ പുതിയ നിയമങ്ങൾ ഡിജിറ്റൽ സ്വീകരിക്കും.അതായത് വീഡിയോ,വാട്സ് അപ്,ഫോട്ടോ,വോയിസ് മെസ്സേജ്,വീഡിയോ തുടങ്ങി മൊബൈലിലും കംപ്യൂട്ടറിലും ഉള്ള എല്ലാ ഡിജിറ്റൽ ഇടപാടുകളും തെളിവായി രേഖപ്പെടുത്തും.

ജൂലായ് ഒന്നുമുതൽ പോലീസ് സ്റ്റേഷനിൽ പരാതിയുമായി ചെന്നാൽ ഉടൻ കേസ് എടുക്കാൻ പതിനാലു ദിവസം പൊലീസിന് സാവകാശം ലഭിക്കും.ഇക്കാലയളവിൽ പരാതി അന്വേഷിച് കഴമ്പുണ്ടെങ്കിൽ കേസ് എടുക്കും. അല്ലെങ്കിൽ തള്ളും.തള്ളുന്ന കേസുകളിൽ പരാതിക്കാരന് പിന്നീട് കോടതിയെ സമീപിച് ഉത്തരവ് നേടിയാൽ മാത്രമേ പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയുള്ളൂ.അനാവശ്യ പരാതികൾ ഒഴിവാക്കുകയാണ് പുതിയ രീതിയുടെ ലക്ഷ്യം.

ലോകത്തിലെ തന്നെ ഏറ്റവും പുതിയ ആധുനിക ശിക്ഷാ നിയമമാണിതെന്നും ആഭ്യന്തര മന്ത്രി അമിത്ഷാ അഭിപ്രായപ്പെട്ടു.90% കേസുകളിലും ശിക്ഷയുണ്ടാകുമെന്ന് പ്രതീക്ഷ.എഫ് ഐ ആർ രജിസ്റ്റർ ചെയ്താൽ മൂന്ന് വർഷത്തിനകം സുപ്രീം കോടതിയിൽ നിന്ന് വരെ നീതി ലഭിക്കും.ഓൺലൈൻ ആയി എഫ് ഐ ആർ രജിസ്റ്റർ ചെയ്യാൻ പരിധി നോക്കാതെ ഏത് സ്റ്റേഷനിലും രജിസ്റ്റർ ചെയ്യാവുന്ന സീറോ എഫ് ഐ ആർ സംവിധാനം ഈ നിയമത്തിലുണ്ട്.2023 ഓഗസ്റ്റ് 12 നാണ് ആഭ്യന്തര മന്ത്രി അമിത്ഷാ ലോക് സഭയിൽ നിയമത്തിന്റെ കരട്അവതരിപ്പിച്ചത്.33 കുറ്റങ്ങൾക്ക് പിഴയും വർധിപ്പിച്ചിട്ടുണ്ട്.20 പുതിയ കുറ്റകൃത്യങ്ങൾ കൂട്ടിച്ചേർക്കപ്പെട്ടു.2023 ഡിസംബർ 20ന് ബില്ല് ലോക് സഭയിലും തൊട്ടടുത്ത ദിവസം രാജ്യ സഭയിലും പാസ്സാക്കി.ഡിസംബർ 25ന് രാഷ്ട്രപതി ഒപ്പുവെച് ബില്ലിന്റെ മാറ്റ് നടപടികളും പൂർത്തിയായി.2024 ജൂലൈ ഒന്നിന് നിലവിൽ വന്നു.

പോലീസ് ജയിൽ,ഫോറൻസിക് തുടങ്ങിയ രാജ്യത്തെ 5.65 ലക്ഷം ഉദ്യോഗസ്ഥർക്ക് പുതിയ നിയമങ്ങളിൽ പരിശീലനം നല്കികഴിഞ്ഞിട്ടുണ്ട് ദേശീയ കൈ റെക്കോർഡ്‌സ് ബ്യൂറോ സംസ്ഥാനങ്ങൾക്കും കേന്ദ്ര ഭരണ പ്രദേശങ്ങൾക്കും സാങ്കേതിക സഹായവും നൽകുന്നുണ്ട്.

ജൂലായ് ഒന്നിന് അർദ്ധരാത്രി രാജ്യത്തു നിലവിൽവന്ന പുതിയ നിയമ വ്യവസ്ഥയായ ഭാരതീയ ന്യായ സംഹിത പ്രകാരം കേരത്തിലെ ആദ്യ കേസ് മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തു .ഹെൽമെറ്റ് ഇല്ലാതെ ബൈക്ക് ഓടിച്ച കർണാടക സ്വദേശിയുടെ പേരിലാണ് കേസ് തിങ്കളാഴ്ച പുലർച്ചെ 12;20ന് റിപ്പോർട്ട് ചെയ്തത്.

ഭാരതീയ ന്യായ സംഹിത പ്രകാരം സ്വർണക്കടത്തുമായി ബന്ധപ്പെട്ട ആദ്യത്തെ കേസ് കരിപ്പൂർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തു. ദുബൈയിൽ നിന്നുള്ള ഇൻഡിഗോ വിമാനത്തിൽ 67 ലക്ഷം വിലമതിക്കുന്ന സ്വർണം കടത്താൻ ശ്രമിച്ച തൃശ്ശൂർ സ്വദേശിക്കെതിരെയാണ് കേസ് ബിൻസ് 111(1) (7) പ്രകാരം പത്തുവർഷം വരെ തടവ് ശിക്ഷ ലഭിക്കുന്ന കുറ്റകൃത്യമാണിത്.

നേരത്തെ പറഞ്ഞ സ്വർണ കടത്ത് കേസിൽ പൊലീസിന് കേസ് എടുക്കാൻ അധികാരമില്ലായിരുന്നു.പിടികൂടുന്ന സ്വർണം കോടതിയിൽ ഹാജരാക്കി കസ്റ്റംസിന് റിപ്പോർട്ട് നൽകുകയായിരുന്നു പതിവ്.ബി എൻ എസ് പ്രകാരം പൊലീസിന് അധികാരം ലഭിച്ചു.

ഇന്ത്യൻ പീനൽകോഡ് ഭാരതീയ ന്യായ സംഹിതയായി നിലവിൽ വരുമ്പോൾ സാദാരണ ജനങ്ങൾക്ക് സുരക്ഷാ ലഭിക്കുമോ എന്ന കാര്യത്തിൽ അഭിപ്രായ വ്യത്യാസമുണ്ടെങ്കിലും പുതിയ നിയമം കുറ്റകൃത്യങ്ങൾ കുറയ്ക്കുമെന്നാണ് ഭരണകൂടം ഉറപ്പ് നൽകുന്നത്.പ്രതീക്ഷയോടെ നമ്മളും.

# ലഹരി വിരുദ്ധ ദിനാചരണം

## വിദ്യാർത്ഥികൾ ക്യാമ്പയിൻ നടത്തി



*ജൂലൈ 26,ലഹരി വിരുദ്ധദിനവുമായി ബന്ധപ്പെട്ട് എം ഐ സി വിദ്യാർത്ഥികൾ നടത്തിയ ക്യാമ്പയിൻ*

ജൂലൈ 26, ലഹരി വിരുദ്ധ ദിനവുമായി ബന്ധപ്പെട്ട് എംഐസി വിദ്യാർത്ഥികൾ നടത്തിയ ക്യാമ്പയിൻ വാർത്തയിൽ നിറഞ്ഞു. ലഹരിവിരുദ്ധ ദിനത്തിൽ എൻഎസ്എസ് വിദ്യാർത്ഥികളും സമാനമായ ക്യാമ്പയിൻ സംഘടിപ്പിച്ചു. മയക്കുമരുന്ന് ദുരുപയോഗം, അനധികൃത മരുന്ന് വ്യാപാരം എന്നിവയ്ക്കെതിരെ അവബോധം ഉണ്ടാക്കുക എന്ന ലക്ഷ്യം മുന്നിൽ വെച്ചാണ് ഈ ക്യാമ്പയിൻ നടത്തിയത്.

എംഐഎസി വിദ്യാർത്ഥികൾ ലഹരിവിരുദ്ധ പോസ്റ്ററുകൾ നിർമ്മിക്കുകയും, എൻഎസ്എസ് കോഡിനേറ്റർ ശ്രീ ഫൈസൽ ശബാബ് പ്രതിജ്ഞക്ക് നേതൃത്വം നൽകി.

ലഹരിയുടെ ദോഷങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുന്നതിനായി വിദ്യാർത്ഥികൾ നാടകങ്ങളും പ്രസംഗങ്ങളും അവതരിപ്പിച്ചു. ഈ ക്യാമ്പയിനിലൂടെ ലഹരിക്കെതിരെ ശക്തമായ സന്ദേശം നൽകാൻ വിദ്യാർത്ഥികൾക്ക് സാധിച്ചു.

ലഹരിവിരുദ്ധ ദിനം നമ്മെ ഓർമ്മിപ്പിക്കുന്നത് ലഹരിവസ്തുക്കളുടെ ദോഷങ്ങളെക്കുറിച്ച് ബോധവാന്മാരാകാനും ലഹരിവിമുക്ത സമൂഹം സൃഷ്ടിക്കാൻ പ്രവർത്തിക്കാനുമുള്ള ആവശ്യകതയെക്കുറിച്ചാണ്. ഈ ക്യാമ്പയിനുകൾ ലഹരിവിരുദ്ധ പോരാട്ടത്തിൽ ഒരു പ്രധാന പങ്ക് വഹിക്കുകയും ഭാവി തലമുറയെ ലഹരിയിൽ നിന്ന് അകറ്റി നിർത്താൻ സഹായിക്കുകയും ചെയ്യും.

# നവാഗതരെ സ്വാഗതം ചെയ്തു



*2024 അധ്യാന വർഷത്തെ നവാഗതരെ സ്വാഗതം ചെയ്യുന്നു*

കോളേജ് യൂണിയൻ വിദ്യാർത്ഥികളും എൻഎസ്എസ് വിദ്യാർത്ഥികളും ചേർന്ന് നടത്തിയ ചടങ്ങിൽ ഒന്നാം വർഷ വിദ്യാർത്ഥികളെ കോളേജിൽ സ്വാഗതം ചെയ്തു. വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും മധുരം നൽകിയാണ് അവരെ സ്വീകരിച്ചത്. കോളേജ് നിയമങ്ങളും നിർദ്ദേശങ്ങളും വിദ്യാർത്ഥികൾക്ക് നൽകി.പുതിയ വിദ്യാർത്ഥികൾക്ക് കോളേജ് ജീവിതം സന്തോഷകരവും ഫലപ്രദവുമാക്കാൻ യൂണിയനും എൻഎസ്എസും പൂർണ്ണ പിന്തുണ നൽകുമെന്നും പറഞ്ഞു.ചടങ്ങിൽ കോളേജ് പ്രിൻസിപ്പൽ, യൂണിയൻ നേതാക്കൾ, എൻഎസ്എസ് പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.



*പുതിയ അധ്യാന വർഷത്തെ അഡ്മിഷൻ ആരംഭിച്ചു. ഹെല്പ് ഡെസ്ക് വിദ്യാർത്ഥികൾ അഡ്മിഷൻ എടുക്കുന്ന വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും സഹായിക്കുന്നു*

# കെ എസ് ആർ ടി സി

## കൺസഷൻ ഇനി ഓൺലൈനിലും

വിദ്യാർത്ഥികൾക്കായുള്ള കെഎസ്ആർടിസി കൺസഷൻ ലളിതമാക്കുന്നതിനായി ഓൺലൈൻ വഴിയുള്ള അപേക്ഷയാണ് ഇത്തവണ കെഎസ്ആർടിസി സ്വീകരിച്ചത്.മുൻപൊക്കെ വിദ്യാർത്ഥികൾ അവർ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനത്തിന്റെ സാക്ഷ്യപത്രവും ഫോട്ടോയും പൈസയുമായി കെഎസ്ആർടിസി ഡിപ്പോയിലെത്തി കൺസഷൻ കാർഡ് കൈപ്പറ്റുന്നതായിരുന്നു രീതി ജനങ്ങളുടെ ഇത്രയും വലിയ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനാണ് ഇത്തവണ ഓൺലൈൻ വഴി പദ്ധതി നടപ്പിലാക്കിയത്

## ദീർഘകാല സേവനത്തിന് ശേഷം ജിജി ടീച്ചർ പടിയിറങ്ങി



എം ഐ സി ആർട്സ് ആൻഡ് സയൻസ് കോളേജിൽ 12 വർഷത്തെ സേവനത്തിന് ശേഷം ശ്രീമതി ജിജി സേവനം അവസാനിപ്പിച്ചു. പിപിടിഎം ചേറൂരിലെ സ്കൂളിൽ അധ്യാപികയായി അവർ പുതിയൊരു അധ്യായം ആരംഭിച്ചു.




Editorial Board

Chief Editor
Ameer Ali A K (HoD, JMC)

Editors
Suhailudheen T, Jumana T
(Asst. Prof. JMC)

Members
Shifna,Mufeeda, Fahima
Majeed, Hiba
(Students, MA JMC)